വർക്കും പട്ടികവർഗ്ഗക്കാർക്കും തോട്ടം തൊഴിലാളികൾക്കും രണ്ടാഴ്ചക്കാലം സൗജന്യ റേഷൻ നൽകുന്നതിന് 25000 മെട്രിക് ടൺ അരിയും വരൾച്ച ദുരിതാശ്വാസപ്രവൃത്തികൾക്ക് എസ്.ജി.ആർ.വൈ. (സ്പെഷ്യൽ കംപോണന്റ്) പ്രകാരം 'ഫുഡ് ഫോർ വർക്ക്' സ്കീമിൽ ഉൾപ്പെടുത്തി 42000. മെട്രിക് ടൺ അരിയും അനുവദിച്ചു. വല്ലാർപ്പാടം അന്തർദേശീയ കണ്ടെയ്നർ ടെർമിനൽ പ്രോജക്ടിന്റെ പണി 2003-ൽത്തന്നെ ആരംഭിക്കുമെന്ന ഉറപ്പ്, കോട്ടയം-ആലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കലിന് 8 കോടി രൂപ, കോഴിക്കോട്-മംഗലാപുരം പാതയ്ക്ക് 25 കോടി രൂപയും ഷൊർണ്ണൂർ-കോഴിക്കോടിന് 30 കോടി രൂപയും നടപ്പുവർഷത്തെ റയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ; പഴം, പച്ചക്കറി എക്സ്പോർട്ട് സോണിന് കേന്ദ്ര സർക്കാരിന്റെ അനുമതി തുടങ്ങിയവ ഇതിനകം ലഭിച്ചിട്ടുണ്ട്.

(ഡി) 5-7-2003-ൽ കൂടിയ യോഗത്തിൽ എം.പി.മാർക്ക് നൽകിയ അജണ്ടയുടെ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്.*

വിവിധ സംസ്ഥാനങ്ങളിലെ മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പ്രത്യേക വകുപ്പ്

3 (T4438) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശരാജ്യങ്ങളിൽ വസിക്കുന്ന മലയാളികളുടെ ക്ഷേമത്തിനായി പ്രവാസിക്ഷേമകാര്യവകുപ്പ് രൂപീകരിച്ചതുപോലെ ഇൻഡ്യയിലെ തന്നെ വിവിധ സംസ്ഥാനങ്ങളിൽ വസിക്കുന്ന മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ബി) പരിഗണിക്കുമെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) പ്രവാസി കേരളീയരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായിട്ടാണ് പ്രവാസിക്ഷേമകാര്യവകുപ്പ് രൂപീകരിച്ചിട്ടുള്ളത്. പ്രവാസി കേരളീയരിൽ മറുനാടൻ മലയാളികളും ഉൾപ്പെടുന്നു. മറുനാടൻ മലയാളികളുടെ പ്രശ്നങ്ങളും ഈ വകുപ്പ് കൈകാര്യം ചെയ്തു വരുന്നു. അതുകൊണ്ട് മറുനാടൻ മലയാളികൾക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly